CHASS

# ഒരുമ

ചാസ് ബുള്ളറ്റിൻ

ലക്കം : 52 വാല്യം : 22 ഒക്ടോബർ 2019



# കുട്ടനാട് പുനർനിർമ്മാണം

## ജീവനോപാധികൾ










# ഒരുമ
ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുഖപത്രം

ലക്കം 52 | വാല്യം 22
ഒക്ടോബർ 2019
പേജ് : 36



## ഉള്ളടക്കം

| | |
|---|---|
| 01 | മുഖമൊഴി |
| 04 | ഔഷധസസ്യവലയവും ഗൃഹവൈദ്യവും |
| 08 | കുട്ടനാട് പുനർനിർമ്മാണപദ്ധതി |
| 10 | തണൽ |
| 13 | കേന്ദ്രവാർത്തകൾ |
| 16 | മൈക്രോഫിനാൻസ് |
| 20 | ഹരിതഭൂമി 2019-22 |
| 23 | ഊർജ്ജിതം |
| 24 | മേഖലാവാർത്തകൾ |
| 26 | സ്ത്രീ ശക്തി |
| 28 | ആശാകിരണം |
| 29 | RRTC |
| 32 | അറിയിപ്പുകൾ |

editorial board

**രക്ഷാധികാരി**

മാർ ജോസഫ് പെരുന്തോട്ടം

**മാനേജിംഗ് എഡിറ്റേഴ്സ്**

ഫാ. ജോസഫ് കളരിക്കൽ
ഫാ. ജോർജ് മാന്തുരുത്തിൽ
ഫാ. തോമസ് കുളത്തുങ്കൽ

**ചീഫ് എഡിറ്റർ**


ശ്രീ. ജോസ് പുതുപ്പള്ളി

**എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്**

ശ്രീ. ബിനു ജോസഫ്
ശ്രീമതി ബിന്ദു സിബി

ലേ ഔട്ട് & പ്രിന്റിംഗ്
**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി
ഫോൺ: 0481-2410101





# മുഖമൊഴി

*പ്രിയ സുഹൃത്തുക്കളേ,*

**ചാസിൽനിന്നും ആശംസകൾ !!!**

''പ്ലാസ്റ്റിക്കിനെതിരെ നമുക്ക് പടവെട്ടാം'' എന്ന ആഹ്വാനമാണ് ശുചിത്വഭാരത മുന്നേറ്റത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. വെളിയിടവിസർജ്ജന നിർമ്മാർജ്ജനത്തിന് പ്രഥമ പരിഗണന നൽകിക്കൊണ്ട് മുന്നേറിയ ശുചിത്വഭാരത യജ്ഞത്തിന്റെ തുടർച്ചയായിട്ടാണ് പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയും അനുദിന ജീവിതത്തിൽ വീടുകളിൽനിന്നും പൊതുസ്ഥലങ്ങളിൽനിന്നും പ്ലാസ്റ്റിക്ക് ഒരു പരിധിവരെ ഒഴിവാക്കാൻ സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നത്. വൃത്തിയും സൗന്ദര്യവുമുള്ള നാടിനായി യത്നിക്കാൻ ഓരോ പൗരനും കടമയുണ്ട്. അത് കേവലം ഭരണകൂടത്തിന്റെ നിർബന്ധം ഒന്നുകൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമല്ല.

ശുചിത്വബോധം ഒരു സമൂഹത്തിന്റെ സാംസ്ക്കാരിക ഔന്നത്യത്തിന്റെ നിദർശനമാണ്. വ്യക്തി–സാമൂഹിക തലങ്ങളിൽ അത് പ്രതിഫലിക്കുക തന്നെ ചെയ്യും. അടുത്തനാളിൽ ഇൻഡ്യയിലെ മഹാനഗരമായ മുംബൈയിൽ ഒരാഴ്ചക്കാലം ചിലവഴിക്കാനിടയായി. കച്ചവടസ്ഥാപനങ്ങൾ ഇന്ന് അവിടെ പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗിക്കുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പൊതുസമൂഹം, കച്ചവടക്കാർ പോലും അഭിമാനത്തോടെ തങ്ങൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിൽ നിയന്ത്രണം വരുത്തിയിരിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. നല്ല ഒരു മാറ്റത്തിന്റെ തുടക്കം തന്നെയാണിത്. നമ്മുടെ ബോധ്യങ്ങളിലും നിലപാടുകളിലുമാണ് ആദ്യം മാറ്റമുണ്ടാകേണ്ടത്. ശുചിമുറികളുടെ അഭാവമാണ് ഇന്ന് വെളിയിടവിസർജ്ജനത്തിന് കാരണമെന്ന് കരുതാനാവില്ല. നമ്മുടെ പൊതുസ്ഥലങ്ങളിലെ ശുചിമുറികൾ നാം എങ്ങനെ സൂക്ഷിക്കുന്നുവെന്ന് നിരീക്ഷിച്ചാൽ മനസ്സിലാകും. നമ്മുടെ ബോധ്യങ്ങളും നിലപാടുകളും. ശുചിത്വബോധമുള്ള പൗരന്മാർ സൗന്ദര്യബോധത്തോടെ സമൂഹത്തിന്റെ നിർമ്മാണപ്രക്രിയയിൽ പങ്കാളിക

ളാവും. പ്രകൃതിയുടെ വിഭവങ്ങളെ സംരക്ഷിച്ച് പരിപാലിക്കുകയും, നിർമ്മിതികൾ വൃത്തിയായി സൂക്ഷിക്കുകയും ചെയ്യും.

തായ്‌ലാന്റ് ഒരു മൂന്നാം ലോക ഏഷ്യൻ രാജ്യമാണ്. ഒരു പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ഇതിന്റെ തലസ്ഥാനമായ ബാങ്കോക്ക് സന്ദർശിക്കാൻ കഴിഞ്ഞമാസം സാധിച്ചു. പൊതുനിരത്തുകൾ, നാൽക്കവലകൾ, കച്ചവടസ്ഥാപനങ്ങൾ, കടലോരങ്ങൾ ഉൾപ്പെടെയുള്ള പൊതുനിരത്തുകളെല്ലാം വളരെ വൃത്തിയായും ഭംഗിയായും സൂക്ഷിച്ചിരിക്കുന്ന സംസ്ക്കാരമുള്ള ജനങ്ങളെയാണ് അവിടെ കണ്ടുമുട്ടിയത്. നമ്മുടെ നാടിന്റെ കാലാവസ്ഥയും, പ്രകൃതിയുമൊക്കെ തന്നെയാണ് അവിടെയുമുള്ളത്.

മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പിനും വികസനത്തിനും, പ്രകൃതിയുടെ വിഭവങ്ങൾ സംരക്ഷിക്കപ്പെടണം. ദുരുപയോഗവും ചൂഷണവുമാണ് വിഭവങ്ങളുടെ ഉപയോഗം എന്നതുകൊണ്ട് നമ്മൾ പലപ്പോഴും മനസ്സിലാക്കുന്നത്. നമ്മുടെ പരിസരങ്ങളും പൊതുനിരത്തുകളും ജലസ്രോതസ്സുകളും കൃഷിയിടങ്ങൾപോലും യാതൊരു വിവേചനവുമില്ലാതെ മാലിന്യം വലിച്ചെറിയാനുള്ള സ്ഥലങ്ങളായി നമ്മൾ പരിഗണിക്കുന്നു. സഹസ്രാബ്ദങ്ങളുടെ സാംസ്ക്കാരിക പൈതൃകം അവകാശപ്പെടുന്ന നാം സംസ്ക്കാര ശൂന്യരായി ലോകരാജ്യങ്ങൾക്ക് മുൻപിൽ തലകുനിച്ച് നിൽക്കേണ്ട സാഹചര്യം നിലനിൽക്കുന്നു.

നമുക്ക് മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കാൻ പരിശ്രമിക്കാം. വൃക്ഷങ്ങളും ചെടികളും സംരക്ഷിക്കാം, ജലസ്രോതസ്സുകൾ കാത്തുസൂക്ഷിക്കാം ജീവന്റെ സംരക്ഷണത്തിനായി ഔഷധസസ്യങ്ങൾ നട്ടുവളർത്താം. പക്ഷികളുടെയും മൃഗങ്ങളുടെയും ജലജീവികളുടെയും നിലനിൽപ് മനുഷ്യന്റെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിയാം. സംസ്ക്കാരസമ്പന്നമായ ഒരു സമൂഹമായി രൂപാന്തരപ്പെടാനുള്ള കർമ്മ പദ്ധതികളിൽ നമുക്ക് അണിചേരാം....

*ആശംസകളോടെ.....*

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*



**പ്രൊഫ. ഡി. സുരേഷ് ബാബു**
*എക്കോ ഗ്രീൻ ഹെർബൽ മിഷൻ സൊസൈറ്റി*

# ഔഷധസസ്യവലയവും ഗൃഹവൈദ്യവും

ജീവാണുക്കളെ ശക്തിപ്പെടുത്തി രോഗാണുക്കളെ നിയന്ത്രിക്കുന്ന ഓക്സിജൻ നിറഞ്ഞ സുഗന്ധമുള്ള ഔഷധസസ്യ അന്തരീക്ഷം ആരോഗ്യകരമായ ജീവിതത്തിന് അനിവാര്യമാണ്. ആഹാരം തരുന്ന സസ്യങ്ങൾ നമ്മളിൽനിന്ന് അകന്നുകഴിഞ്ഞാലും പ്രാണവായുവും, ശുദ്ധജലവും ഔഷധവും സംലഭ്യമാക്കുന്ന സസ്യങ്ങൾ നമ്മുടെ അടുത്തുകഴിയണം. അവയ്ക്കു നമ്മെ സംരക്ഷിക്കുവാനും പോഷിപ്പിക്കുവാനും സാധിക്കും. പരമ്പരാഗതമായ നാട്ടറിവുകൾ സ്വായത്തമാക്കി ഗൃഹവൈദ്യം പോലുള്ള നാടിന്റെ തനതായ ചിന്തകൾ വളർത്താൻ ഔഷധസസ്യവലയം നമ്മെ സഹായിക്കുന്നു.

ആഹാരവും ഔഷധവും ശുദ്ധവായുവും ശുദ്ധജലവും തരുന്നസസ്യങ്ങൾക്ക് കാലാവസ്ഥയെയും പ്രകൃതിയേയും മനസ്സിനേയും വികാരങ്ങളേയും നമ്മുടെ ആരോഗ്യത്തെയും നിയന്ത്രിക്കാനാവുമെന്ന് നമ്മുടെ പൂർവ്വികർ തെളിയിച്ചതാണ്. ഔഷധസസ്യങ്ങൾ വീടിനുചുറ്റും നട്ടുപിടിപ്പിച്ച് കുടുംബാരോഗ്യം സംരക്ഷിക്കുകയാണ് നമ്മുടെ ലക്ഷ്യം. ഔഷധസസ്യങ്ങൾ ജീവശക്തിയുടെയും ഔഷധങ്ങളുടെയും കലവറയാണ്. രോഗകാരണമായ സാഹചര്യം ഇല്ലാതാക്കി രോഗമുക്തി തരുന്ന ശക്തികളെ നിറയ്ക്കാൻ പുരാതനകാലംമുതൽ കേരളീയർ ശ്രദ്ധിച്ചിരുന്നു. ആധുനികതയുടെ കടന്നുകയറ്റംമൂലം ഇത്തരം അറിവുകൾ ഇന്ന് അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ചുറ്റുമുള്ള ഔഷധ സസ്യ

സംരക്ഷണം നിഷേധിക്കുന്നത് രോഗപ്രതിരോധശേഷി കുറയുന്നതിന് കാരണമാകുന്നു. സാധാരണ രോഗങ്ങൾക്കുള്ള മരുന്ന് മുറ്റത്തുണ്ടെങ്കിൽ ഇന്നത്തെ രീതിയിലുള്ള ചികിത്സയുടെ ദോഷങ്ങൾ ഒഴിവാക്കാം. പനി മുതൽ കാൻസർവരെ പ്രതിരോധിക്കാനുള്ള മരുന്ന് തൊടിയിൽ വളർത്താം.

**ഗൃഹവൈദ്യവും അമ്മമാരും**

ആരോഗ്യസംരക്ഷണത്തിന് പുരാതന അമ്മമാർക്ക് ഉണ്ടായിരുന്ന അറിവിനെയാണ് ഗൃഹവൈദ്യം എന്ന് പറയുന്നത്. ആഹാരം തന്നെയാണ് ഔഷധം. ആഹാരം നന്നെങ്കിൽ ഔഷധം വേണ്ട. ആഹാരം നന്നല്ലെങ്കിൽ ഔഷധംകൊണ്ട് പ്രയോജനവും ഇല്ല. ആധുനികർ രുചിക്കും നിറത്തിനും വേണ്ടി ഏത് വിരുദ്ധവസ്തുക്കളും ഏത് അളവിലും ഏത് പാത്രത്തിലും ഏത് കാലത്തും തയ്യാർ ചെയ്യുന്നതിന്റെ അപകടം പഠന വിധേയമായിക്കഴിഞ്ഞു.

പുരാതന അമ്മമാരുടെ അറിവുകളാകുന്ന വിരുദ്ധാഹാരം, അജീർണ്ണാഹാരം, പ്രതൗഷധങ്ങൾ എല്ലാ രോഗങ്ങൾക്കുമുള്ള പൊടിക്കൈകൾ, ഒറ്റമൂലികൾ വ്യായാമത്തിന്റെ പ്രാധാന്യം എന്നിവ ഇന്ന് ചർച്ച ചെയ്യപ്പെടുന്നു.

**ഔഷധസസ്യങ്ങൾ**

പ്രതിരോധശക്തി വർദ്ധിപ്പിക്കുന്ന രോഗാണുക്കളെ തുരത്തുന്ന തെരഞ്ഞെടുത്ത ഔഷധ സസ്യങ്ങൾ

**1. ദിവ്യപുഷ്പ ഉദ്യാനം**

നമ്മുടെ നാട്ടിലെ ഏറ്റവും ദിവ്യമായ 3 ഔഷധങ്ങൾ കൂവളം, കറുക, തുളസി

**2. ദശപുഷ്പ വനം**

കർക്കിടക കഞ്ഞി മുതൽ തിരുവാതിരകളിയിൽ വരെ പ്രാധാന്യം അർഹിക്കുന്ന 10 ഔഷധ സസ്യങ്ങൾ

**3. നക്ഷത്രവനം**

ഓരോ മനുഷ്യന്റെയും ജനിതകവുമായി ബന്ധപ്പെട്ട 27 അത്ഭുത ഔഷധ വൃക്ഷങ്ങൾ. 27 വൃക്ഷങ്ങളും നടാൻ സാധിക്കാത്തവർ സ്വന്തം നക്ഷത്ര വൃക്ഷം നട്ട് പരിപാലിക്കുക.

**4. ശലഭോദ്യാനം**

ചിത്രശലഭങ്ങളുടെ പ്രജനനത്തിനും, ആഹാരസമ്പാദനത്തിനും വേണ്ടിയുള്ള സസ്യങ്ങൾ അടങ്ങുന്നതാണ് ശലഭോദ്യാനം

**5. മുളകൾ**

പുല്ല് വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങൾ ഐശ്വര്യത്തിന്റെ പ്രതീകമാണ്. 11 തരത്തിലുള്ള മുളകൾ ലഭ്യമാണ്.

**ഔഷധസസ്യങ്ങളും അവയുടെ പ്രയോജനങ്ങളും**

1. **രോഗപ്രതിരോധ ശക്തിക്ക് :** തുമ്പ, തുളസി, അരൂത, കിരിയാത്ത്, പാണൽ, പെരുകിലം, ചെമ്പരത്തി, പൂവരശ്, മാവ്, പ്ലാവ്, തെങ്ങ്, ആര്യവേപ്പ്, മുരിങ്ങ, കൂവളം, കടപ്പാടി, ചിറ്റരത്ത തുടങ്ങിയവ...
2. **കരളിന്റെ ആരോഗ്യസംരക്ഷണം:** ചെമ്പരത്തി, പൂവരശ്, നിലമ്പരണ്ട, മണിത്തക്കാളി, ഞൊട്ടാഞൊടിയൻ, കറുവ, ജാതി, കറിവേപ്പ്, കീഴാർനെല്ലി, വെളുത്താവണക്ക്, വെള്ളയെരിക്ക് തുടങ്ങിയവ...
3. **ഉദരരോഗത്തിന്:** കുടകൻ, നിലമ്പരണ്ട, പുതിന, തുമ്പ, താന്നി, കൂവളം ശതകുപ്പ, ചെറുചീര, അഗത്തി, ചിറ്റമൃത്, ചിറ്റരത്ത, അയ്യപ്പാന തുടങ്ങിയവ...
4. **വാതരോഗം:** വള്ളിയുഴിഞ്ഞ, ചങ്ങലംപരണ്ട, മുള്ളൻചീര, മുള, കരിനൊച്ചി, സമുദ്രപച്ച, കുറുന്തൊട്ടി, വാതക്കൊടി, കരിംകുറിഞ്ഞി, ആവണക്ക്, ചിറ്റരത്ത തുടങ്ങിയവ...
5. **ശ്വാസകോശ സംരക്ഷണം:** മുരിങ്ങ, ആടലോടകം, മുയൽചെവിയൻ, പൂവാംകുരിന്നില, മുക്കുറ്റി, വെള്ളയെരിക്ക്, കൂവളം, വള്ളിപ്പാല, കറുവ, തുളസി, ആനച്ചുവടി, ആവണക്ക്, തിപ്പലി, ചിറ്റരത്ത തുടങ്ങിയവ...
6. **നേത്രാരോഗ്യം:** വെള്ളില, പൂവാംകുരുന്നില, ചെമ്പരത്തി, നന്ത്യാർവട്ടം, തഴുതാമ, അടപതിയൻ തുടങ്ങിയവ...
7. **ത്വക്കിന്റെ ആരോഗ്യം :** ചെറുചീര, കറ്റാർവാഴ, കണിക്കൊന്ന, കരിങ്ങാലി, കൂവളം, മഞ്ഞൾ, ചെറുവഴുതന, അഗത്തിച്ചീര, ആര്യവേപ്പ്, കുടകൻ തുടങ്ങിയവ...
8. **അസ്ഥിബലം:** മുള, ചങ്ങലംപരണ്ട, ദേവതാരം, തഴകൈത, വള്ളിയുഴിഞ്ഞ, കരിനൊച്ചി, കരിംകുറിഞ്ഞി ആവണക്ക് തുടങ്ങിയവ...
9. **പ്രമേഹം:** ചായമൻസ, ചക്കരക്കൊല്ലി, ഏകനായകം, കിരിയാത്ത്, മുള, കറുവ, കൂവളം, വാളൻപുളി, ചിറ്റമൃത്, താമര, ആമ്പൽ, തെങ്ങ്, പ്ലാവ്, ഞാവൽ തുടങ്ങിയവ...
10. **ഉഷ്ണ ശാന്തി:** മുത്തങ്ങ, കണിക്കൊന്ന, രാമച്ചം, നറുനീണ്ടി, ശതാവരി, നിലപ്പന, അമുക്കുരം, ചന്ദനം തുടങ്ങിയവ...
11. **രക്തസമ്മർദ്ദം:** കറുവ, മുരിങ്ങ, വെളുത്തുള്ളി, ഏത്തവാഴ, അമൽപൊരിയൻ തുടങ്ങിയവ...
12. **വൃക്കാരോഗ്യസംരക്ഷണം:** തഴുതാമ, ചെറുള, വെള്ളരി, മഞ്ഞൾ, കുമ്പളങ്ങ, ഇഞ്ചി, വള്ളിയുഴിഞ്ഞ, മുതിര, വാളൻപുളി, കല്ലൂർവഞ്ചി, ഞെരിഞ്ഞിൽ, വയൽചുള്ളി, ചന്ദനം, തെങ്ങ്, വാഴ തുടങ്ങിയവ...

13. **ആരോഗ്യസംരക്ഷണം (സ്ത്രീകൾ):** പെരുകിലം, ചെമ്പരത്തി, അശോകം, തെങ്ങ്, നെല്ലി, പ്ലാവ്, ശതാവരി, കറുവ, കറ്റാർവാഴ, കൂവരക്, കസ്തൂരി മഞ്ഞൾ വേലിപരുത്തി, സോയാബീൻ, ചെറു ചണം തുടങ്ങിയവ...
14. **ആരേഗ്യസംരക്ഷണം (പുരുഷന്മാർ):** ഓരില, മൂവില, ചെറുവഴുതന, വെൺ വഴുതന, അമക്കുരം, ശതാവരി, നായ്കരുണ, സോയാബീൻ തുടങ്ങിയവ...
15. **മാനസികാരോഗ്യം:** പൂവാംകുരുന്നില, സോമലത, കടുക്ക, നെല്ലി, കരി നെച്ചി, വെളുത്തഉമ്മം, ചമത, പ്ലാവ്, കരിങ്ങാലി, വെള്ളശങ്കുപുഷ്പം തുടങ്ങിയവ...
16. **കൊതുകുനിവാരണം:** തുമ്പ, തുളസി, പാണൽ, അരൂത, കിരിയാത്ത്, വേപ്പ് തുടങ്ങിയവ...
17. **ഹൃദയാരോഗ്യം:** ഓരില, മൂവില, നീർമരുത്, കുടങ്ങൽ, ചെമ്പര ത്തി, കുമ്പളങ്ങ, വാഴ, മുരിങ്ങ, കറുവ തുടങ്ങിയവ...
18. **പനിമുക്തിക്ക്:** കിരിയാത്ത്, മുരിങ്ങ, വെള്ളഎരിക്ക്, വലിയകടലാടി, പൂവാംകുരുന്നില, ചെറുകടലാടി, മുയൽച്ചെവിയൻ, തുമ്പ, തുളസി, അരൂത പ്ലാവ് തുടങ്ങിയവ...
19. **പ്രോസ്ട്രേറ്റ് സംരക്ഷണം:** ഓരില, മൂവില, ചെറുവഴുതന, വെൺവഴുതന, മത്തൻ തുടങ്ങിയവ...
20. **അലർജി:** താന്നി, മഞ്ഞൾ, കുരുമുളക്, ആടലോടകം, ഇരുവേലി, പനിക്കൂർക്ക, തിപ്പലി, ഇഞ്ചി, വള്ളിയുഴിഞ്ഞ, തുളസി, തുമ്പ, മുക്കുറ്റി, പൂവാം കുരുന്നില, മുയൽച്ചെവിയൻ തുടങ്ങിയവ...
21. **തലവേദന:** അഗത്തിച്ചീര, മുരിങ്ങ, കൂവളം, മുയൽച്ചെവിയൻ, പൂവാംകുരുന്നില, മുക്കുറ്റി, പെരുകിലം, വാതക്കൊടി, തൊട്ടാവാടി തുടങ്ങിയവ...
22. **അഷ്ടവർഗ്ഗ ഔഷധങ്ങൾ :** ദന്തപ്പാല, നീർമരുത്, ചെറൂള, എരിക്ക്, കഴഞ്ചിക്കുരു, നീർമാതളം, ഇരട്ടിമധുരം, ഇലഞ്ഞി തുടങ്ങിയവ....
23. **തീവ്രരോഗ നിവാരണ സസ്യങ്ങൾ :** മഞ്ഞൾ, കുരുമുളക്, തിപ്പലി, ഗുൽഗുലു, ചേര്, കൊടുവേലി, പെരുകിലം, പൂവാംകുരുന്നില, ചിറ്റ മൃത്, ചുവന്നചീര, വേപ്പ്, കുറുന്തോട്ടി, നിത്യകല്യാണി, അമുക്കുരം, നെല്ലി, കരിമഞ്ഞൾ തുടങ്ങിയവ...

വ്യക്തിഭവനത്തിന്റെയും (ശരീരം) സാമൂഹിക ഭവനത്തിന്റെയും (പരിസ്ഥിതി) കാര്യക്ഷമത മെച്ചപ്പടുത്തുന്ന ഒരു ആരോഗ്യസംസ്ക്കാരം വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതാണ് ഔഷധസസ്യ ങ്ങളുടെ നടീലും പരിപാലനവുംകൊണ്ട് നാം ലക്ഷ്യമിടുന്നത്.

# കുട്ടനാട് പുനർനിർമ്മാണ പദ്ധതി

## I. Xisco Muñoz Expuig, Spain WATSAN Project

**(a-)** ശൗചാലയം - കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി Xisco Muñoz Expuig, Spain സഹകരണത്തോടെ ശൗചാലയ നിർമ്മാണ സഹായം വിതരണം ചെയ്തു

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *ആകെ* |
|---|---|---|---|
| രാമങ്കരി | 1 | 2 | 10,000 |
| കൈനടി | 1 | 2 | 10,000 |
| വെളിയനാട് കേസറിയ | 3 | 1, 2 | 60,000 |
| ചീപ്പുങ്കൽ | 1 | 1 | 30,000 |
| എടത്വാ | 1 | 1 | 35,000 |
| കായൽപുറം | 1 | 1 | 30,000 |
| പുല്ലങ്ങടി | 1 | 1 | 30000 |
| നർബോനപുരം | 1 | 1 | 35,000 |
| കൊണ്ടാക്കൽ | 1 | 1 | 30000 |
| ആർപ്പൂക്കര | 1 | 1 | 35000 |
| **ആകെ** | | | **305000** |

**(b-) Water Purifier വിതരണം (22.08.2019-)**

Xisco Muñoz Expuig പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന യൂണിറ്റുകളിൽ 100 ഗുണഭോക്താക്കൾക്ക് ജല ശുദ്ധീകരണ സംവിധാനങ്ങൾ വിതരണം ചെയ്തു.

| *ഇടവക* | *ഗുണഭോക്താക്കൾ* | *പദ്ധതി തുക* |
|---|---|---|
| കുമരംകരി | 15 | 82500 |
| കാവാലം ലിസ്യൂ | 20 | 110000 |
| വെളിയനാട് കേസറിയ | 15 | 82500 |
| പയറ്റുപാക്ക | 17 | 93500 |
| കൈനടി | 20 | 110000 |
| എടത്വാ | 8 | 44000 |
| കാവാലം സെന്റ് ജോസഫ്സ് | 5 | 27500 |
| **ആകെ** | **100** | **5,50,000** |

## II. ഷംഷാബാദ് രൂപത-ഭവനനിർമ്മാണം (ആഗസ്റ്റ് 2019)

| *ഇടവക* | *ഗുണഭോക്താക്കൾ* | *പദ്ധതി തുക* |
|---|---|---|
| ചേന്നങ്കരി | 3 | 1,25,000 (ഭാഗീകം) |
| പാണ്ടി | 2 | 1,75,000 (ഭാഗീകം) |
| തായങ്കരി | 3 | 1,75,000 (ഭാഗീകം) |
| **ആകെ** | **8** | **4,75,000** |

**III ചാസ് ഭവനനിർമ്മാണ പദ്ധതി**

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| നർബോനപുരം | 3 | 1, 2 | 2,10,000 |
| എടത്വാ | 1 | 1 | 75,000 |
| തെക്കേക്കര | 1 | 1 | 1,00,000 |
| മണലാടി | 2 | 1 | 1,50,000 |
| വെളിയനാട് നോർത്ത് | 2 | 1, 2, 3 | 1,20,000 |
| ചങ്ങംകരി | 1 | 1 | 75,000 |
| ഐക്കരച്ചിറ | 1 | 1,2,3 | 2,00,000 |
| രാമങ്കരി | 1 | 2 | 1,00,000 |
| മണ്ണഞ്ചേരി | 1 | 1,2 | 80,000 |
| കൂലിപ്പുര | 1 | 1 | 1,00,000 |
| കൈനകരി | 1 | 1 | 75,000 |
| കുറുമ്പനാടം അസംപ്ഷൻ | 1 | 1 | 40,000 |
| പായിപ്പാട് | 1 | 1 | 50,000 |
| പാദുവാപുരം | 1 | 1 | 75,000 |
| കുമരകംവടക്കുംകര | 1 | 1 | 1,00,000 |
| കിഴക്കേമിത്രക്കരി | 1 | 1 | 1,00,000 |
| പച്ച-ചെക്കിടിക്കാട് | 2 | 1 | 1,25,000 |
| ആകെ | 20 | | 17,75,000 |

**VI. Flood Response - 2019**

**(a) ഫുഡ് കിറ്റ് & അവശ്യസാധനങ്ങൾ വിതരണം ചെയ്തു**

2019 ആഗസ്റ്റ് മാസം ഉണ്ടായ വെള്ളപ്പൊക്കത്തിൽ ദുരിതം അനുഭവിച്ച താഴത്തങ്ങാടി, ആർപ്പൂക്കര, ചെങ്ങളം, ഐക്കരച്ചിറ, കിളിരൂർ, മുട്ടാർ ന്യൂ, ചങ്ങങ്കരി, അറുന്നൂറ്റിൻപാടം, കത്തീഡ്രൽ, മനയ്ക്കച്ചിറ, പാണ്ടി, കുടമാളൂർ യൂണിറ്റുകളിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്തു.

**(b) ശുചീകരണ യജ്ഞം**

ആഗസ്റ്റ് മാസത്തിൽ കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിലും, കുട്ടനാട്ടിൽ ഭാഗീകമായും ഉണ്ടായ വെള്ളപ്പെക്കത്തിനുശേഷം വീടും പരിസരവും ശുചിയാക്കുന്നതിന് ആവശ്യമായ ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളിക എന്നിവ ഐക്കരച്ചിറ, താഴത്തങ്ങാടി, ആർപ്പൂക്കര, കിളിരൂർ, ചെങ്ങളം, പുഴവാത്, ചങ്ങനാശ്ശേരി, ചമ്പക്കുളം, കൊണ്ടാക്കൽ, കണ്ടങ്കരി, തെക്കേക്കര, വടക്കേഅമിച്ചകരി, പുളിംകുന്ന്, കൊല്ലമുട്ടം, കാവാലം സെന്റ് തെരേസാസ്, കണ്ണാടി സെന്റ് റീത്താസ്, കണ്ണാടി സെന്റ് ജോസഫ്സ്, വെളിയനാട് നോർത്ത്, വെളിയനാട് സൗത്ത്, രാമങ്കരി, മാമ്പുഴക്കരി, പള്ളിക്കൂട്ടുമ്മ, മണലാടി, പുന്നക്കുന്നം, മിത്രക്കരി, മുട്ടാർ ന്യൂ എന്നീ യൂണിറ്റുകളിൽ വിതരണം ചെയ്തു.



## തണൽ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 421. മോളി ദേവസ്യ കുറുമുള്ളങ്കാല | ഷാരോൺ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 422. റോസമ്മ ജോസഫ് ആലിലക്കുഴി | മേരിമാത | മായം | അമ്പൂരി |
| 423. പുഷ്പൻ കെ.എൻ. കുന്നുംപുറത്ത് | ചെറുപുഷ്പം | പായിപ്പാട് | തൃക്കൊടിത്താനം |
| 24. എ.കെ. വാസുദേവൻ ആചാരി | അർപ്പണ | പങ്ങട | കോട്ടയം |
| 425. ഔസേഫ് സേവ്യർ മഠത്തിൽപറമ്പിൽ | ചൈതന്യ | രാമങ്കരി | പുളിംകുന്ന് |
| 426. തെയ്യാമ്മ തോമസ് ചേപ്പാട് | ശാന്തിഭവൻ | മരിയാപുരം | എടത്വാ |
| 427. മേരിക്കുട്ടി ചാക്കോ, കാനാച്ചേരി | അൽഫോൻസാ | കായൽപുറം | പുളിംകുന്ന് |
| 428. ബേബിച്ചൻ ആറ്റുമാലിച്ചിറ | ഗ്രാമശ്രീ | പള്ളാത്തുരുത്തി | ആലപ്പുഴ |
| 429. മറിയാമ്മ കുര്യാക്കോസ് | കൺട്രാമറ്റം | ഇരവുചിറ | കുറുമ്പനാടം |
| 430. അച്ചാമ്മ തോമസ് കാലായിൽ | സാന്ത്വനം | മായം | അമ്പൂരി |

### (2) മ്യൂചൽ ബെനിഫിറ്റ് സ്കീം

• **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 271. തോമസ് ജോസഫ് മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |

| | | |
|---|---|---|
| 272. സിനു ജോയിസ് കൊച്ചുവീട്ടിൽ | ആർപ്പൂക്കര | കുടമാളൂർ |
| 273. പുഷ്ക്കരൻ കമലമന്ദിരം | മായം | അമ്പൂരി |
| 274. മാത്യു അഗസ്റ്റിൻ തറപ്പേൽ | വില്ലൂന്നി | കുടമാളൂർ |
| 275. പുഷ്പൻ കെ.എൻ. കുന്നുംപുറത്ത് | പായിപ്പാട് | തൃക്കൊടിത്താനം |
| 276. റോസമ്മ ജോസഫ് ആലിലക്കുഴി | മായം | അമ്പൂരി |
| 277. കെ.വി. ജേക്കബ് കല്ലുവേലി | രാജഗിരി | അമ്പൂരി |
| 278. പി. ജോർജ്ജ് വാലുപച്ചകിഴക്കേതിൽ | നരിക്കൽ | കൊല്ലം |
| 279. മനോജ് ജയിംസ്, ഏറത്തേടത്ത് | കരിമ്പനക്കുളം | മണിമല |
| 280. ആർ സുഗുണൻ തക്കേമണ്ണുമാലിയിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 281. മറിയം ഞാറുകുന്നേൽ | കോട്ടയ്ക്കപ്പുറം | അതിരമ്പുഴ |
| 282. മേരിക്കുട്ടി കുട്ടംപേരൂർ | പാറേൽ | ചങ്ങനാശ്ശേരി |
| 283. ത്രേസ്യാമ്മ വർഗ്ഗീസ് പാറയിൽ | കുളത്തൂർ | മണിമല |
| 284. ടോമിച്ചൻ റ്റി. ജെ. തെള്ളിയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 285. മോഹനൻ കെ.പി. കുന്നുംപുറത്ത് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 286. രവി ചിറപ്പുറത്ത് | ചേപ്പുംപാറ | കോട്ടയം |
| 287. റ്റി. എബ്രഹാം തൈപ്പറമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 288. പി.പി. ജോസഫ് പടിഞ്ഞാറെവീട് | കൂത്രപ്പള്ളി | നെടുംകുന്നം |
| 289. ആൻസി സെബാസ്റ്റ്യൻ നടുവിലേഴം | കൂത്രപ്പള്ളി | നെടുംകുന്നം |
| 290. റോസമ്മ ദേവസ്യ, ചെമ്പിലകം | കൂത്രപ്പള്ളി | നെടുംകുന്നം |
| 291. ആന്റണി വർഗ്ഗീസ് മണലിപ്പറമ്പ് | മുട്ടാർ ഓൾഡ് | എടത്വാ |
| 292. കത്രീനാ ചക്കോ, മുണ്ടുകാട് | മരിയാപുരം | എടത്വാ |
| 293. ത്രേസ്യാമ്മ ജോസഫ് പുതുക്കുളം | നാലുകോടി | തൃക്കൊടിത്താനം |
| 294. റോസമ്മ ജോസഫ് പുതുപ്പറമ്പിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 295. കാർമലി വർഗ്ഗീസ് പനയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 296. മുസ്തഫാ താഴത്തേക്കുറ്റ് | വെട്ടിമുകൾ | അതിരമ്പുഴ |
| 297. ഡി. വിൽസൺ കാർവിള | രാജഗിരി | അമ്പൂരി |

## • ചികിത്സാസഹായം

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 139. സഫീനാ നിജീബ് | ആറാട്ടുവഴി | ആലപ്പുഴ |
| 140. ഗ്രേയ്സി ജോർജ്ജ് നെടിയകാല | വെട്ടിമുകൾ | അതിരമ്പുഴ |
| 141. പി.റ്റി. മാത്യു പടികരമല | വെട്ടിമുകൾ | അതിരമ്പുഴ |
| 142. അനിതാ സാജൻ മൂഴിയിൽ | കരിമ്പനക്കുളം | മണിമല |
| 143. അമ്മിണി ജോസ് തെക്കേതോട്ടത്തിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 144. ദേവസ്യ ജോയി മുണ്ടുവേലി മുകളേൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 145. ഗിരിജ അനിൽകുമാർ മഠത്തുംപറമ്പിൽ | കിടങ്ങറ | ചങ്ങനാശ്ശേരി |

| | | |
|---|---|---|
| 146. ജെസ്സി ജോസഫ് മുട്ടത്ത് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 147. തോമസ് റ്റി. ഫിലിപ്പ് തെക്കേൽ | അമ്പൂരി | അമ്പൂരി |
| 148. ശ്രീകല മധു ആലുംമൂട്ടിൽ | മുണ്ടുപാലം | തൃക്കൊടിത്താനം |
| 149. ജെസ്സീനാ നൗഫൽ ചന്ദനപ്പറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 150. രാജു കെ.ആർ. കൊച്ചുപറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 151. ലാലിമ്മ ദേവസ്യ, പി.സി. കവല | പായിപ്പാട് | തൃക്കൊടിത്താനം |
| 152. റോസമ്മ വർഗ്ഗീസ് മാളിയേക്കൽ | തായങ്കരി | എടത്വാ |
| 153. മേരി റോയി ഞൊങ്ങിണിയിൽ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 154. മേരിക്കുട്ടി തോമസ് ചാലുങ്കൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 155. ജെസ്സി നെല്ലിവിള നരിക്കൽ | നരിക്കൽ | കൊല്ലം |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ 87 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 197 അപേക്ഷകർക്ക് 2,85,970/- രൂപ നൽകി.

### (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

• 2019 ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ 104 കുടുബങ്ങൾക്കായി 11,83,568/- രൂപ സഹായധനം അനുവദിച്ചു.

### (5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2019 ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ 11 കുടുംബങ്ങൾക്ക് ചികിത്സാചെലവായി 91,566/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. സിജോ ആന്റണി, കളത്തിപ്പറമ്പിൽ | മാടപ്പള്ളി | 4275 |
| 2. എം.ഡി. സേവ്യർ, മുര്യൻകാവുങ്കൽ | പാറേൽ | 9375 |
| 3. ജോസഫ് ലോബോ, തുണ്ടിപ്പറമ്പിൽ | തൃക്കൊടിത്താനം | 9375 |
| 4. ബൈജു സേവ്യർ, ചേന്നാട്ടുശ്ശേരി | രാമങ്കരി | 9600 |
| 5. മാത്യു ജോസഫ്, മാവേലിക്കളം | വേഴപ്രാ | 8550 |
| 6. റോണി ജോസഫ്, പുതുപ്പറമ്പ് | വെരൂർ | 9375 |
| 7. രാജൻ ജോസഫ്, ചെന്നിക്കര | നെടുംകുന്നം | 9375 |
| 8. ബിനുസെബാസ്റ്റ്യൻ, മുണ്ടപ്ലാക്കൽ | കോട്ടയം | 6386 |
| 9. എ.കെ. വർക്കി ആനക്കല്ലുങ്കൽ | പങ്ങട | 10390 |
| 10. ലില്ലിക്കുട്ടി ചാക്കോ. കൊട്ടുകുളം | ഏറ്റുമാനൂർ | 8490 |
| 11. മോളി ജോർജ്ജ്, പുതുപ്പറമ്പിൽ | കുറുമ്പനാടം | 6,375 |

# കേന്ദ്രവാർത്തകൾ

**PME സംഘടിപ്പിച്ച മേഖലകൾ**

| *തീയതി* | *മേഖല* | *തീയതി* | *മേഖല* |
|---|---|---|---|
| ജൂലൈ 5 | ചമ്പക്കുളം | ജൂലൈ 9 | അതിരമ്പുഴ |
| ജൂലൈ 11 | കോട്ടയം | ജൂലൈ 12 | എടത്വാ |
| ജൂലൈ 13 | അമ്പൂരി | ജൂലൈ 19 | ചങ്ങനാശ്ശേരി |
| ജൂലൈ 22 | കുറുമ്പനാടം | ജൂലൈ 23 | തൃക്കൊടിത്താനം |
| ജൂലൈ 25 | ആലപ്പുഴ | ജൂലൈ 27 | മണിമല |
| ആഗസ്റ്റ് 1 | പുളിംകുന്ന് | ആഗസ്റ്റ് 06 | കുടമാളൂർ |

**സംഘതരംഗം 2019-22 (സ്വാശ്രയസംഘ നേതൃത്വ പരിശീലന പരിപാടി)**

സ്വാശ്രയസംഘം ഭാരവഹികൾക്കുവേണ്ടി നേതൃത്വ പരിശീലന പരിപാടി 'സംഘതരംഗം 2019-22' വിവിധ മേഖലകളിൽ സംഘടിപ്പിച്ചു. സ്വാശ്രയസംഘത്തിന്റെ പ്രവർത്തനരീതികൾ, ലക്ഷ്യങ്ങൾ, സാമൂ



ഹിക-സാമ്പത്തിക മേഖലകളിലുള്ള ഇടപെടലുകൾ, ഗവൺമെന്റ് ഗവൺമെന്റേതര സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന പദ്ധതികൾ, സംഘത്തിന്റെ കണക്ക്-റിപ്പോർട്ട് കൈകാര്യം ചെയ്യുന്ന വിധം. ചാസിന്റെ വിവിധ പദ്ധതികൾ 'ഹരിതഭൂമി 2019-22' എന്നിവയെക്കുറിച്ച് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, കോ-ഓർഡിനേറ്റർമാരായ ബിനു ജോസഫ്, എൻ.ഐ. തോമസ്, ഡി. ജോസഫ്, ബ്രദർ ജിജോ ഇലവുംങ്കൽ എന്നിവർ വിശദീകരിച്ചു.

**സംഘതരംഗം 2019-22 നടത്തിയ മേഖലകൾ**

| *തീയതി* | *മേഖല* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|---|
| ജൂലൈ 8 | കുടമാളൂർ | കുടമാളൂർ | 95 |
| ജൂലൈ 9 | കുറുമ്പനാടം | മാമ്മൂട് | 52 |

| | | | |
|---|---|---|---|
| ജൂലൈ 12 | ചങ്ങനാശ്ശേരി | ചങ്ങനാശ്ശേരി | 56 |
| ജൂലൈ 13 | അമ്പൂരി | അമ്പൂരി | 58 |
| ജൂലൈ 26 | തുരുത്തി | ഇത്തിത്താനം | 52 |
| ജൂലൈ 27 | മണിമല | കരിമ്പനക്കുളം | 46 |

**Men SHG സംഗമം**

സംഘതരംഗം പദ്ധതിയുടെ ഭാഗമായി പുരുഷ SHG കളുടെ മേഖലാതല സംഗമം വിവിധ മേഖലകളിൽ സംഘടിപ്പിച്ചു. സംഗമങ്ങളിൽ SHG കളുടെ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.



ചാസിന്റെ വിവിധ പദ്ധതികളെ കുറിച്ച് ഡയറക്ടർ ക്ലാസ് നയിച്ചു. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *പങ്കെടുത്ത SHG കൾ* | *പങ്കെടുത്തവർ* |
|---|---|---|---|
| ആഗസ്റ്റ് 4 | ആലപ്പുഴ | 24 | 206 |
| ആഗസ്റ്റ് 10 | കോട്ടയം | 19 | 65 |
| ആഗസ്റ്റ് 11 | അതിരമ്പുഴ | 9 | 68 |
| സെപ്റ്റം. 15 | ചങ്ങനാശ്ശേരി, തുരുത്തി | 21 | 125 |
| സെപ്റ്റം. 22 | എടത്വാ | 15 | 117 |

**കെയർ എ ഫാമിലി പദ്ധതി ഗുണഭോക്തൃസംഗമം**

കെയർ എ ഫാമിലി പദ്ധതിയിൽ കാലാവധി പൂർത്തീകരിച്ച (2016-19) 16 കുടുംബങ്ങളുടെ സംഗമം ജൂലൈ 22 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കുടുംബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതി വിലയിരുത്തി. കോ-ഓർഡിനേറ്റർ സിസ്റ്റർ സെൽമ SRA ആശംസയർപ്പിച്ചു.

## SAFP-Internal Auditing

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ കഴിഞ്ഞ 5 വർഷത്തെ ഓഡിറ്റിംഗ് നടത്തുന്നതിന് SAFP ഇന്ത്യ ഓഫീസിൽ നിന്നും ഫിനാൻസ് അഡ്മിനിസ്ട്രേഷൻ അംഗങ്ങളായ ശ്രീമതി മേരി പി.എ., ശ്രീ സിബി റോബർട്ട് എന്നിവർ ജൂലൈ 16-ാം ന് ചാസ് കേന്ദ്ര ഓഫീസിൽ സന്ദർശനം നടത്തി.

## ഖാദി-ഓണം-ബക്രീദ് ഡിസ്കൗണ്ട് മേള

കേന്ദ്ര ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെയും കേരളാഖാദി ഗ്രാമവ്യവസായ ബോർഡിന്റെയും സഹകരണത്തോടെ കോട്ടയം ശാസ്ത്രി റോഡ്, ചങ്ങനാശ്ശേരി അരമനപ്പടി, മല്ലപ്പള്ളി പഞ്ചായത്ത് ജംഗ്ഷൻ, പള്ളിക്കൂട്ടുമ്മ എന്നിവിടങ്ങളിലെ ചാസ്-ഖാദി ഭവനുകളിൽ ഓണം-ബക്രീദ് ഖാദി മേള ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 30 വരെ നടത്തി. ശ്രീ. തോമസ് ചാഴിക്കാടൻ MLA, ശ്രീ. സി.എഫ്. തോമസ് MLA, ശ്രീ. മാത്യു റ്റി. തോമസ് MLA എന്നിവർ മേളയുടെ ഉദ്ഘാടനം വിവിധ ഭവനുകളിൽ നിർവഹിച്ചു. ശ്രീ. കൊടിക്കുന്നിൽ സുരേഷ്



MP ഖാദിമേളയുടെ കൂപ്പൺ വിതരണം ഉദ്ഘാടനം ചെയ്തു. ഖാദി വസ്ത്രങ്ങൾക്ക് 30% ഗവൺമെന്റ് റിബേറ്റും, ഗ്രാമവ്യവസായ ഉൽപ്പന്നങ്ങൾക്ക് ആകർഷകമായ ഡിസ്ക്കൗണ്ടും മേളയിൽ ലഭ്യമാക്കി. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ക്രമീകരിച്ച മേള സെപ്റ്റംബർ 30 ന് സമാപിച്ചു.

## ചാസ് നേതൃസംഗമം

'ഹരിതഭൂമി 2019-22' പദ്ധതി യൂണിറ്റുകളിൽ നടപ്പാക്കുന്നതിനെക്കുറിച്ചും 2019 ആഗസ്റ്റ് മാസം ഉണ്ടായ കാലവർഷ കെടുതിയിൽ മലബാർ മേഖലയിലുണ്ടായ ദുരിതമനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന പുനരധിവാസ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിനുമായി ആഗസ്റ്റ് 23 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ചാസ് കേന്ദ്ര ഓഫീസിൽ യൂണിറ്റ് സെക്രട്ടറിമാരുടെ യോഗം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ വിഷയാവതരണം നടത്തി. 67 യൂണിറ്റുകളിൽനിന്ന് ഭാരവാഹികൾ പങ്കെടുത്തു.

## കാർഷിക സർവ്വകലാശാല വിദ്യാർത്ഥികൾക്ക് പരിശീലനം

കേരള കാർഷിക സർവ്വകലാശാല കാസർഗോഡ് കാർഷിക കോളേജിലെ വിദ്യാർത്ഥികൾക്ക് ചാസിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 26 മുതൽ 30 വരെ പരിശീലനം നൽകി.

# മൈക്രോഫിനാൻസ്

## സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 18.06.2019 | പുല്ലങ്ങടി | തിരുക്കുടുംബം | 17 |
| 18.06.2019 | പുല്ലങ്ങടി | സെന്റ് മേരീസ് | 10 |
| 18.06.2019 | പുല്ലങ്ങടി | ജ്യോതി | 11 |
| 18.06.2019 | പുല്ലങ്ങടി | അൽഫോൻസാ | 15 |
| 18.06.2019 | പുല്ലങ്ങടി | ജ്യോതിസ് | 16 |
| 18.06.2019 | പുല്ലങ്ങടി | ട്രിനിറ്റി | 13 |
| 01.07.2019 | പാണ്ടങ്കരി | ഉഷസ് | 14 |
| 01.07.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | സെന്റ് മേരി | 20 |
| 01.07.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | കൃപ | 20 |
| 01.07.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | സെന്റ് സേവ്യേഴ്സ് | 20 |
| 01.07.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | സൗഭാഗ്യ | 26 |
| 12.07.2019 | മുടിയൂർക്കര | ലെൻസ് | 13 |
| 15.07.2019 | കിടങ്ങറ | മരിയ | 12 |
| 17.07.2019 | ചേപ്പുംപാറ | ജപമാല | 14 |
| 26.07.2019 | കുമരകം നവനസ്രത്ത് | തേജസ് | 12 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | സെന്റ് ജോസഫ് | 10 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | അനുഗ്രഹ | 11 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ആൽഫാ | 12 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | റിയ | 15 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ട്രിനിറ്റി | 16 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | സെന്റ് ക്ലയർ | 20 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | അൽഫോൻസ | 17 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ജീസ്സസ് | 13 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ആഗ്നൽ | 16 |
| 26.07.2019 | കണ്ണാടി സെന്റ് റീത്താസ് | ചെറുപുഷ്പം | 16 |
| 31.07.2019 | ഇത്തിത്താനം | കാരുണ്യ | 14 |
| 31.07.2019 | ഇത്തിത്താനം | തണൽ | 13 |
| 31.07.2019 | ഏറ്റുമാനൂർ | ദൃശ്യ | 10 |
| 31.07.2019 | ചമ്പക്കുളം | അൽഫോൻസാ | 11 |
| 31.07.2019 | ചമ്പക്കുളം | ശാലോം | 15 |
| 31.07.2019 | ചമ്പക്കുളം | എയ്ഞ്ചൽ | 10 |
| 31.07.2019 | ചമ്പക്കുളം | ദീപം | 13 |

| | | | |
|---|---|---|---|
| 31.07.2019 | ചമ്പക്കുളം | കൃപ | 12 |
| 31.07.2019 | ചമ്പക്കുളം | ലിറ്റിൽ ഫ്ളവർ | 14 |
| 31.07.2019 | ചമ്പക്കുളം | കാരുണ്യ | 20 |
| 31.07.2019 | ആറാട്ടുവഴി | ഉണർവ് | 19 |
| 06.08.2019 | മണ്ണാർകുന്ന് | എയ്ഞ്ചൽ | 10 |
| 06.08.2019 | മണ്ണാർകുന്ന് | ജനനി | 13 |
| 07.08.2019 | കേസറിയ | ശക്തി | 10 |
| 07.08.2019 | കേസറിയ | ജീവൻ | 10 |
| 08.08.2019 | കാവാലം സെന്റെ തെരേസാസ് | താലന്ത് | 20 |
| 09.08.2019 | ചെത്തിപ്പുഴ | ചങ്ങാതി (എ) | 16 |
| 09.08.2019 | ചെത്തിപ്പുഴ | ചങ്ങാതി (ബി) | 16 |
| 09.08.2019 | മനയ്ക്കച്ചിറ | അനുഗ്രഹ | 16 |
| 14.08.2019 | പാമ്പാടി | മരിയൻ | 14 |
| 14.08.2019 | പാമ്പാടി | സെന്റ് ആന്റണീസ് | 12 |
| 14.08.2019 | പാമ്പാടി | ആൽഫോൻസാ | 10 |
| 14.08.2019 | ഏറ്റുമാനൂർ | ക്രിസ്തുരാജ | 12 |
| 14.08.2019 | ഏറ്റുമാനൂർ | ആൽഫോൻസാ | 12 |
| 16.08.2019 | ചെറുവാണ്ടൂർ | പട്ടുനൂൽ | 11 |
| 19.08.2019 | തെക്കേക്കര | അനുഗ്രഹ | 14 |
| 19.08.2019 | തെക്കേക്കര | മദർ തെരേസാ | 12 |
| 19.08.2019 | തെക്കേക്കര | എക്ലേസ്യാ | 11 |
| 19.08.2019 | തെക്കേക്കര | തിരുഹൃദയം | 20 |
| 23.08.2019 | മണലാടി | ഐശ്വര്യ | 12 |
| 23.08.2019 | മണലാടി | ലൂർദ്ദ് | 16 |
| 23.08.2019 | മണലാടി | സെന്റ് അൽഫോൻസാ | 11 |
| 23.08.2019 | പൊങ്ങ | ഐശ്വര്യ | 10 |
| 23.08.2019 | പായിപ്പാട് | നന്മ | 14 |
| 26.08.2019 | പുളിംകുന്ന് | സേക്രഡ് ഹാർട്ട് | 11 |
| 26.08.2019 | പുളിംകുന്ന് | നവജീവൻ | 17 |
| 26.08.2019 | പുളിംകുന്ന് | ഐക്യവേദി (CBR) | 8 |
| 26.08.2019 | പുളിംകുന്ന് | ഐശ്വര്യ (CBR) | 5 |
| 28.08.2019 | ചമ്പക്കുളം | ശ്രേയസ് | 11 |
| 28.08.2019 | ചമ്പക്കുളം | കാരുണ്യ | 15 |
| 28.08.2019 | ചമ്പക്കുളം | ആൻ മേരി | 14 |
| 28.08.2019 | ചമ്പക്കുളം | പ്രശാന്തി | 18 |
| 28.08.2019 | ചമ്പക്കുളം | ക്രിസ്തു ജ്യോതി | 18 |
| 29.08.2019 | മാമ്പുഴക്കരി | ലൂർദ്ദ് മാതാ | 18 |

| | | | |
|---|---|---|---|
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | ആരാധന | 20 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | അനുഗ്രഹ | 17 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | ഗ്രേയ്സ് | 15 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | തേജസ് | 14 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | പൗർണ്ണമി | 11 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | മരിയ | 20 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | ഐശ്വര്യ | 17 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | അമല | 14 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | കീർത്തി | 11 |
| 10.08.2019 | കായൽപ്പുറം | ജ്യോതിസ് | 10 |
| 10.08.2019 | മണലാടി | ഏയ്ഞ്ചൽ | 18 |
| 10.08.2019 | മണലാടി | സെന്റ്. ജോസഫ് | 17 |
| 10.08.2019 | മണലാടി | മരിയ | 12 |
| 23.09.2019 | ചമ്പക്കുളം | സെന്റ് മാർട്ടിൻ | 12 |

**സ്വാശ്രയസംഘസംഗമം**

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| ജൂലൈ 01 | ഫാത്തിമാപുരം | 20 |
| ജൂലൈ 11 | കണ്ണാടി സെന്റ് റീത്താസ് | 110 |
| ജൂലൈ 13 | പുറക്കാട് | 60 |
| ജൂലൈ 15 | കരിമ്പനക്കുളം | 45 |
| ജൂലൈ 16 | വള്ളംചിറ | 47 |
| ജൂലൈ 18 | മണിമല ഓൾഡ് | 42 |
| ജൂലൈ 18 | കുമരങ്കരി | 26 |
| ജൂലൈ 19 | മൈലാടി | 52 |
| ജൂലൈ 27 | എടത്വാ | 180 |
| ആഗസ്റ്റ് 01 | പാണ്ടി | 84 |
| ആഗസ്റ്റ് 2 | നർബോനപുരം | 62 |
| ആഗസ്റ്റ് 6 | ഫാത്തിമാപുരം | 51 |
| ആഗസ്റ്റ് 8 | തൃക്കൊടിത്താനം | 72 |
| ആഗസ്റ്റ് 18 | നാൽപ്പാത്തിമല | 103 |
| ആഗസ്റ്റ് 20 | പള്ളാത്തുരുത്തി | 53 |
| ആഗസ്റ്റ് 22 | വള്ളംചിറ | 52 |
| ആഗസ്റ്റ് 23 | തത്തംപള്ളി | 63 |
| ആഗസ്റ്റ് 27 | വെട്ടിമുകൾ | 75 |
| ആഗസ്റ്റ് 30 | തെക്കേക്കര | 47 |
| ആഗസ്റ്റ് 30 | പടഹാരം | 57 |
| സെപ്റ്റംബർ 17 | ഇരവുചിറ | 78 |

**മഹിളാസമാജം വാർഷികം**

**പങ്ങട** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ഐശ്വര്യ' മഹിളാസമാജത്തിന്റെ 20-ാം മത് വാർഷികം ജൂലൈ 13 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ കൊച്ചുമലയിൽ ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് ശ്രീ. തോമസ് ജോസഫ് അദ്ധ്യക്ഷതവഹിച്ചു. സംഘം ഭാരവാഹികൾ നേതൃത്വം നൽകി. 80 അംഗങ്ങൾ പങ്കെടുത്തു.

**ആദരിച്ചു**

**വെട്ടിമുകൾ** യൂണിറ്റിലെ ക്രെഡിറ്റ് യൂണിയൻ, സ്വാശ്രയസംഘം അംഗങ്ങളുടെ മക്കളിൽ 10th, 12th പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ 11 വിദ്യാർത്ഥികളെ ജൂൺ 25 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി സ്കോളർഷിപ്പ് നൽകി ആദരിച്ചു. യൂണിറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

**സ്വാശ്രയസംഘ വാർഷികം**

**കിഴക്കേമിത്രക്കരി** 'മരിയ' സ്വാശ്രയസംഘത്തിന്റെ വാർഷികം ആഗസ്റ്റ് 14 ന് സംഘടിപ്പിച്ചു. 2015 2019 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.


## ഗൃഹ ലക്ഷ്മി (Home Nurse)

രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെ ശുശ്രൂഷിക്കുവാൻ താത്പര്യമുള്ള യുവതികളെ ആവശ്യമുണ്ട്.
**അലവൻസ് – 15,000 രൂപ**

## ഗൃഹശ്രീ

1. പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുവാൻ വനിതകളെ ആവശ്യമുണ്ട്. **അലവൻസ് 11,000 രൂപ**
2. വീടുകളിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുന്ന വനിതകൾക്ക് **അലവൻസ് 14,000 രൂപ**
3. വീടുകളിൽ താമസിച്ച് രോഗികളെ ശുശ്രൂഷിക്കുകയും അതോടൊപ്പം വീട്ടു ജോലികളിൽ സഹായിക്കുകയും ചെയ്യുന്ന വനിതകൾക്ക് **അലവൻസ് 17,000 രൂപ**

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9495534212**

## ഹരിതഭൂമി 2019-22

**കർഷകദിനാചരണം**

**പച്ച–ചെക്കിടിക്കാട്** യൂണിറ്റിൽ ആഗസ്റ്റ് 20 ന് കർഷകദിനാചരണം സംഘടിപ്പിച്ചു. 'ഹരിതഭൂമി 2019–22' ന്റെ ഭാഗമായ 'തൊടിയിൽ ഒരു ഫലവൃക്ഷം' പദ്ധതിക്ക് ആരംഭം കുറിച്ചു. 50 അംഗങ്ങൾ പങ്കെടുത്തു.

**ഫാർമേഴ്സ് ക്ലബ് മീറ്റിംഗ്**

**ഇത്തിത്താനം** യൂണിറ്റിൽ ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് ആഗസ്റ്റ് 21 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. വാഴപ്പള്ളി കൃഷി ഭവന്റെയും, ചാസ് യൂണിറ്റിന്റെയും നേതൃത്വത്തിൽ പച്ചക്കറിതൈകളും വിത്തും വിതരണം ചെയ്തു. 25 അംഗങ്ങൾ പങ്കെടുത്തു.

**കാർഷിക സെമിനാറും പച്ചക്കറിവിത്തുകളും ഗ്രോബാഗ് വിതരണവും**

**മുഹമ്മ** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ഹരിതാ' ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് കാർഷിക സെമിനാറും പച്ചക്കറിവിത്തുകൾ, ഗ്രോബാഗ് എന്നിവയുടെ വിതരണവും സംഘടിപ്പിച്ചു. ഇന്ന് സമൂഹം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളും



കാർഷിക മേഖലയിലെ പ്രതിസന്ധികളും ചർച്ച ചെയ്യപ്പെട്ട സെമിനാർ മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെ. ജയലാൽ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹി

ച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ പരുവപ്പറമ്പിൽ ആമുഖസന്ദേശം നൽകി. 85 അംഗങ്ങൾ പങ്കെടുത്ത സെമിനാറിൽ ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസ് എബ്രഹാം, ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ് ശ്രീ. തങ്കച്ചൻ പുല്ലുംപാറ ശ്രീ. വർഗ്ഗീസ് നടുച്ചിറയിൽ എന്നിവർ ക്ലാസ്സ് നയിച്ചു. പഞ്ചായത്ത് മെമ്പർ ശ്രീമതി അജിതാ രാജീവ് യൂണിറ്റ് പ്രസിഡന്റ് ശ്രീ. ചാക്കോ യോഗ്യാവീട് എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും പച്ചക്കറിവിത്തും ഗ്രോബാഗും സൗജന്യമായി വിതരണം ചെയ്തു.

**മത്സ്യകൃഷി രണ്ടാം ഘട്ടം വിളവെടുപ്പ്**

ചാസ് 'മാവേലി' പുരുഷ സ്വാശ്രയ സംഘം നടത്തിയ മത്സ്യകൃഷിയുടെ രണ്ടാം ഘട്ട വിളവെടുപ്പ് ആഗസ്റ്റ് 21 ന് അതിരമ്പുഴ ഗ്രാമ



പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിസ്സി ടോമി ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് വിഷ്ണു പ്രസന്നൻ അദ്ധ്യക്ഷതവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വികസന സ്ഥിരസമിതി അദ്ധ്യക്ഷൻ സജി തടത്തിൽ പ്രസംഗിച്ചു.

**ജൈവകൃഷി ആരംഭിച്ചു**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 1 ന് **നർബോനപുരം** 'ശ്രേയസ്' പുരുഷ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ വിവിധയിനം പച്ചക്കറികളുടെ കൃഷി ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ദമിയാനോസ് കോച്ചേരി മാർഗ്ഗനിർദ്ദേശം നൽകിവരുന്നു.

**കർഷകസംഗമം**

**നർബോനപുരം** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ ഒന്നിന് കർഷക സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ദമിയാനോസ് കോച്ചേരി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ

ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കർഷക മുന്നേറ്റത്തിന്റെ ആവശ്യകത വിശദീകരിച്ചു. ഭാരവാഹികളെ തെരഞ്ഞെടുത്തു.

**കാർഷിക സെമിനാറും പച്ചക്കറിത്തൈ വിതരണവും**

**കൂരോപ്പട** യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 7 ന് കാർഷിക സെമിനാറും പച്ചക്കറിത്തൈ വിതരണവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം അദ്ധ്യക്ഷതവ ഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. റിട്ട. അസി. കൃഷി ഓഫീസർ ശ്രീ. കോര തോമസ് 'ജൈവകൃഷി' യെക്കുറിച്ച് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികളായ പി.എം. ജോസഫ് പാത്രപ്പാങ്കൽ, പി.എം. ആന്റണി തുപ്പലഞ്ഞിയിൽ എന്നിവർ പ്രസംഗിച്ചു. 80 അംഗങ്ങൾ പങ്കെടുത്തു.




## ആരോഗ്യ ഇൻഷുറൻസ്

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്നതിലധികമായി ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു വർഷം 30,000 രൂപ വരെ ചികിത്സാ സഹായം കുടുംബ ങ്ങൾക്ക് ലഭ്യമാക്കുന്ന മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാൻ ചാസ് അവസരമൊരുക്കുന്നു.

| *അംഗത്വം* | *പ്രീമിയം* |
|---|---|
| അഞ്ച് അംഗകുടുബത്തിന് | 900 രൂപ |
| കൂട്ടുകുടുംബം | 1100 രൂപ |
| വ്യക്തിഗതം | 600 രൂപ |

**അന്വേഷണങ്ങൾക്ക് ഫോൺ: 9539701126**

## ഊർജ്ജിതം

**യൂണിറ്റ് ഉദ്ഘാടനം**

**വെളിയനാട് സൗത്ത്** യൂണിറ്റ് ഉദ്ഘാടനം ജൂൺ 30 ഞായറാഴ്ച 3 മണിക്ക് വെളിയനാട് സെന്റ് സേവ്യേഴ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. റ്റിജോ പുത്തൻ പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചാസ് ഡയറക്ടർ യൂണിറ്റിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. യൂണിറ്റിന്റെ പ്രവർത്തനരീതികളെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീ. എൻ. ഐ. തോമസ് വിശദീകരിച്ചു. 86 അംഗങ്ങൾ പങ്കെടുത്തു.

**നർബോനപുരം** യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ ഒന്നിന് യൂണിറ്റ് ഓഫീസ് പ്രവർത്തനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു.

**യൂണിറ്റ് വാർഷികം**

**പുറക്കാട്** യൂണിറ്റിന്റെ വാർഷികം ജൂലൈ 13 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പുളിച്ചമാക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു.

**യൂണിറ്റ് എക്സിക്യൂട്ടീവ് രൂപീകരിച്ചു**

**തോട്ടുവാത്തല** യൂണിറ്റിൽ ആഗസ്റ്റ് 25 ന് യൂണിറ്റ് എക്സിക്യൂട്ടീവ് രൂപീകരിച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് കണിക്കുന്നേൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ചാസ് കോ-ഓർഡിനേറ്റർ ശ്രീ. ഡി. ജോസഫ് ചാസിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദീകരിച്ചു.

**ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു**

**നർബോനപുരം** യൂണിറ്റിൽ സെപ്റ്റംബർ 1 മുതൽ ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ദമിയാനോസ് കോച്ചേരി അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ക്രെഡിറ്റ് യൂണിയന്റെ ഉദ്ഘാടനം നിർവഹിച്ചു.

# മേഖലാവാർത്തകൾ

**സേവ് എ ഫാമിലി പ്ലാൻ റീജണൽ മീറ്റിംഗ്**

സേവ് എ ഫാമിലി പ്ലാൻ കുട്ടനാട് മേഖലാതലമീറ്റിംഗ് ജൂലൈ 27 ന് പഴവങ്ങാടി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. 'കുടുംബജീവിതം ഇന്ന്' എന്ന വിഷയത്തെ ആസ്പദമാക്കി സിസ്റ്റർ പ്രീമ CMC ക്ലാസ് നയിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. പി.ജെ. ചെറിയാൻ ആശംസയർപ്പിച്ചു. 90 അംഗങ്ങൾ പങ്കെടുത്തു.

**അതിരമ്പുഴ, കോട്ടയം, കുടമാളൂർ** മേഖലകളിലെ സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതി അംഗങ്ങളുടെ മീറ്റിംഗ് 'ഒക്ടോബർ 30 ന് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം നിർവഹിച്ചു. 'കുടുംബജീവിതം ഇന്ന്' എന്ന വിഷയത്തിൽ സി. സെൽമ SRA ക്ലാസ് നയിച്ചു. 85 അംഗങ്ങൾ പങ്കെടുത്തു.

**ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുംകുന്നം, മണിമല** മേഖലാതല മീറ്റിംഗ്, പാറേൽ സെന്റ് മേരീസ് പാരീഷ്



ഹാളിൽ സെപ്റ്റംബർ 27 ന് സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ റവ. ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. 'ചെറുകിട വ്യവസായം' എന്ന വിഷയത്തെക്കുറിച്ച് വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ആന്റണി വർഗ്ഗീസ് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികളായ ശ്രീ. ബാബു വള്ളപ്പുര, ശ്രീ. എം.ഡി. സേവ്യർ എന്നിവർ പ്രസംഗിച്ചു. 83 അംഗങ്ങൾ പങ്കെടുത്തു.

**ഹോംലി സ്റ്റോഴ്സ് ഉദ്ഘാടനം**

**പാമ്പാടി ദേവമാത** യൂണിറ്റിൽ പ്രവർത്തിക്കുന്ന മഹിളാസമാജത്തിന്റെ സംരംഭമായ 'മരിയൻ ഹോംലി സ്റ്റോഴ്സ്' സെപ്റ്റംബർ 5 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പ്ലാംതോട്ടം വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. ജനപ്രതിനിധികൾ ആശംസയർപ്പിച്ചു.

**ഓണാഘോഷ പരിപാടികൾ**

**ഇത്തിത്താനം** യൂണിറ്റിൽ പ്രവർത്തിക്കുന്ന കസ്ത്തൂർബാ മഹിളാസമാജത്തിന്റെ ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 30 ന് ഇത്തിത്താനം പാരീഷ്ഹാളിൽ നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.എസ്. തോമസ് പുരയ്ക്കൽ ഉദ്ഘാടനം നടത്തി.

**മാന്നില** യൂണിറ്റിന്റെ ഓണാഘോഷപരിപാടികൾ സെപ്റ്റംബർ 7, 9 തീയതികളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളി ഉദ്ഘാടനം നിർവ്വഹിച്ചു.

**പച്ച-ചെക്കിടിക്കാട്** യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 10 ന് ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് മാളിയേക്കൽ ഉദ്ഘാടനം നിർവഹിച്ചു. 120 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് മഹിളാസമാജം ഭാരവാഹികൾ നേതൃത്വം നൽകി.

**മണ്ണാർകുന്ന്** യൂണിറ്റിന്റെ നേതൃത്വത്തിൽ ഓണാഘോഷപരിപാടികൾ സെപ്റ്റംബർ 10 ന് സംഘടിപ്പിച്ചു. 65 അംഗങ്ങൾ പങ്കെടുത്തു.

**ഏറ്റുമാനൂർ** യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 13 ന് ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം ഉദ്ഘാടനം നിർവഹിച്ചു. 125 അംഗങ്ങൾ പങ്കെടുത്തു. ഭാരവാഹികൾ നേതൃത്വം നൽകി.

**മുട്ടാർ ഓൾഡ്** 'നവോദയ, അതിജീവൻ' എന്നീ പുരുഷ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ 34 കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സെപ്റ്റംബർ 15 ന് ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. മുട്ടാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. കെ. ജോസഫ്, മെമ്പർ ശ്രീമതി ജയ സത്യൻ, ശ്രീ. ബി. ജോസഫ് എന്നിവർ ആശംസകൾ നേർന്നു. സെന്റ് അലോഷ്യസ് എച്ച്. എസ്. ഹെഡ്മാസ്റ്റർ തോമസുകുട്ടി മാത്യു 'ആധുനികയുഗത്തിൽ യുവജനങ്ങളുടെ വളർച്ച' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. 150 അംഗങ്ങൾ പങ്കെടുത്തു.

**പഴവങ്ങാടി** യൂണിറ്റിൽ സെപ്റ്റംബർ 14 ന് ഓണാഘോഷപരി

പാടികൾ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് തൈയ്യിൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. പി.ജെ. ചെറിയാൻ അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി പി.സി. തോമസ് ആശംസയർപ്പിച്ചു. 80 അംഗങ്ങൾ പങ്കെടുത്തു.

**പങ്ങട** യൂണിറ്റിന്റെയും 'ഐശ്വര്യ' മഹിളാസമാജത്തിന്റെയും നേതൃത്വത്തിൽ സെപ്റ്റംബർ 16 ന് ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു.

## സ്ത്രീ ശക്തി

### സ്വയംതൊഴിൽ പരിശീലന പരിപാടികൾ

**കുമരങ്കരി** യൂണിറ്റിൽ ജൂലൈ 18 ന് നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുപൊടി, ലിക്യുഡ് സോപ്പ്, ലോഷൻ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി. 26 അംഗങ്ങൾ പങ്കെടുത്തു.

### തയ്യൽപരിശീലനം ആരംഭിച്ചു

**പുല്ലങ്ങടി** യൂണിറ്റിൽ ആഗസ്റ്റ് 1 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജിയൻ വെളിയാത്ത് അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി മേഴ്സി ടോമിച്ചന്റെ നേതൃത്വത്തിൽ 35 വനിതകൾ പരിശീലനം നേടുന്നു.

**നെടുമണ്ണി** യൂണിറ്റിൽ നാലുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനത്തിന് സെപ്റ്റംബർ 16 ന് തുടക്കം കുറിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. 21 വനിതകൾ പരിശീലനം നേടിവരുന്നു.

### തേനീച്ച വളർത്തൽ പരിശീലനം

**കരിമ്പനക്കുളം** യൂണിറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 6-ാം തീയിതി തേനീച്ച വളർത്തൽ പരിശീലനം ഖാദി കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ശ്രീ. ജെയിംസ് ഡൊമിനിക്ക് പരിശീലനത്തിന്



നേതൃത്വം നൽകി. 28 അംഗങ്ങൾ പങ്കെടുത്തു.

### EAP പരിശീലനം

**കരിമ്പനക്കുളം, വള്ളംചിറ, മണിമല ഓൾഡ്, മൈലാടി** എന്നീ യൂണിറ്റുകളിൽ SHG സംഗമത്തോടനുബന്ധിച്ച് തേനീച്ച വളർത്തൽ, തയ്യൽ, ബ്യൂട്ടീഷൻ കോഴ്സ്, പേപ്പർ ക്യാരി ബാഗ്, ബേക്കറി നിർമ്മാണം എന്നിവയിൽ ശ്രീമതി ജോളി ലാലൻ പരിശീലനം നൽകി.

### കുടനിർമ്മാണ പരിശീലനം

**വള്ളംചിറ** യൂണിറ്റിൽ ആഗസ്റ്റ് 22 ന് കുടനിർമ്മാണത്തിൽ ശ്രീമതി ഗ്രേയ്സമ്മ ജോസഫിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി. 15 അംഗങ്ങൾ പങ്കെടുത്തു.



### കാർപ്പറ്റ് നിർമ്മാണ പരിശീലനം

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| ആഗസ്റ്റ് 9 | പുല്ലങ്ങടി | 45 |
| ആഗസ്റ്റ് 9 | തെക്കേക്കര | 42 |
| സെപ്റ്റം. 3 | പാണ്ടങ്കരി | 24 |
| സെപ്റ്റം. 23 | കരുവാറ്റ | 35 |
| സെപ്റ്റം. 24 | മുട്ടാർ CMI | 28 |



## ആശാകിരണം

**ചാസ്-ഔഷധസസ്യവലയവും ആരോഗ്യസുരക്ഷയും പദ്ധതി ഉദ്ഘാടനം**

പ്രകൃതിക്കെതിരെ മനുഷ്യൻ നടത്തുന്ന അതിക്രമവും അനാസ്ഥയും മൂലം ജീവവായുപോലും അന്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജീവാണുക്കളെ ശക്തിപ്പെടുത്തി രോഗാണുക്കളെ നിയന്ത്രിക്കുന്ന ഔഷധസസ്യ അന്തരീക്ഷം സൃഷ്ടിച്ച് ആരോഗ്യകരമായ ജീവിതത്തിന് വഴിയൊരുക്കാനും ആരോഗ്യസുരക്ഷ ഉറപ്പാക്കാനും ചാസ് ''ഔഷധസസ്യവലയവും ആരോഗ്യസുരക്ഷയും'' പദ്ധതിക്ക്



തുടക്കം കുറിച്ചു. ചാസിനോട് സഹകരിക്കുന്ന ഒരു ലക്ഷത്തോളം കുടുംബങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യം വയ്ക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനും ആരോഗ്യസുരക്ഷയ്ക്കും വഴിയൊരുക്കുന്ന ഔഷധസസ്യങ്ങൾ വീട്ടുവളപ്പിൽ നട്ട് സംരക്ഷിക്കുന്നതിനുള്ള പദ്ധതി എക്കോ ഗ്രീൻ ഹെർബൽ മിഷൻ സൊസൈറ്റിയുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 17 ന് ചാസ് കോൺഫറൻസ് ഹാളിൽ അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. പ്രൊഫ. ഡി. സുരേഷ് ബാബു മുഖ്യപ്രഭാഷണം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി, മേഖലാ കോ-ഓർഡിനേറ്റർ ബിന്ദു തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

**കാൻസർ ബോധവത്ക്കരണം**

**ചമ്പക്കുളം** യൂണിറ്റിൽ ജൂലൈ 22 ന് സ്വാശ്രയസംഘാംഗങ്ങൾക്കായി കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ബിന്ദു തോമസ് സ്ത്രീകളിൽ കണ്ടുവരുന്ന കാൻസറിനെക്കുറിച്ചും രോഗലക്ഷണങ്ങളെക്കുറിച്ചും ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ക്ലാസ്സ് നയിച്ചു. 47 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റുഭാരവാഹികൾ നേതൃത്വം നൽകി.

**നർബോനപുരം** യൂണിറ്റിൽ ആഗസ്റ്റ് 2 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ റവ. ഫാ. ദമിയാനോസ് കോച്ചേരി ഉദ്ഘാടനം നിർവഹിച്ചു. കാൻസർ രോഗലക്ഷണങ്ങൾ പ്രതിരോധമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 62 അംഗങ്ങൾ പങ്കെടുത്തു.

## RRTC

**മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണ സെമിനാർ**

RRTC യുടെ നേതൃത്വത്തിൽ സ്വാശ്രയസംഘം, സ്കൂൾ, കോളേജ് തലങ്ങളിൽ മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. RRTC കോ ഓർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ, സിസ്റ്റർ സെൽമ SRA, റ്റി.എം. മാത്യു, ലിറ്റിമോൻ എം. എസ്. എന്നിവർ സെമിനാർ നയിച്ചു.

**(a) SHG തലം**

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| ജൂലൈ 26 | ഇത്തിത്താനം | 50 |
| ആഗസ്റ്റ് 01 | പാണ്ടി | 84 |



മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണം-നാൽപ്പാത്തിമല യൂണിറ്റ്

| | | |
|---|---|---|
| ആഗസ്റ്റ് 06 | ഫാത്തിമാപുരം | 51 |
| ആഗസ്റ്റ് 08 | തൃക്കൊടിത്താനം | 72 |
| ആഗസ്റ്റ് 11 | അതിരമ്പുഴ | 72 |
| ആഗസ്റ്റ് 18 | നാൽപ്പാത്തിമല | 103 |
| ആഗസ്റ്റ് 21 | പള്ളാത്തുരുത്തി | 53 |
| ആഗസ്റ്റ് 22 | വള്ളംചിറ | 52 |
| ആഗസ്റ്റ് 23 | തത്തംപള്ളി | 63 |
| ആഗസ്റ്റ് 25 | പുത്തനങ്ങാടി | 53 |
| ആഗസ്റ്റ് 27 | വെട്ടിമുകൾ | 65 |
| ഓഗസ്റ്റ് 30 | പടഹാരം | 57 |
| ഓഗസ്റ്റ് 30 | ഒന്നാംകര | 51 |
| ഓഗസ്റ്റ് 31 | ഏറ്റുമാനൂർ | 55 |
| സെപ്റ്റം. 01 | തകഴി | 61 |

## (a) സ്കൂൾ തലം

| *തീയതി* | *സ്കൂൾ* | *പങ്കെടുത്തവർ* |
|---|---|---|
| ജൂലൈ 30 | സെന്റ് തെരേസാസ് HSS, നെടുംകുന്നം | 102 |
| ആഗസ്റ്റ് 01 | സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് HSS, നെടുംകുന്നം | 105 |
| ആഗസ്റ്റ് 02 | എസ്.ബി. HSS, ചങ്ങനാശ്ശേരി | 107 |



മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണം-എസ്.ബി. HSS, ചങ്ങനാശ്ശേരി

| | | |
|---|---|---|
| സെപ്റ്റം. 16 | സെന്റ് അലോഷ്യസ് HSS-, എടത്വാ | 124 |
| സെപ്റ്റം. 17 | സെന്റ് മേരീസ് HSS-, എടത്വാ | 103 |
| സെപ്റ്റം. 18 | Gov. HS, തെക്കേക്കര | 101 |
| സെപ്റ്റം. 24 | ഡോൺ ബോസ്കോ, HSS, പുതുപ്പള്ളി | 106 |
| സെപ്റ്റം. 26 | Gov. HSS, ചങ്ങനാശ്ശേരി | 105 |
| സെപ്റ്റം. 27 | സെന്റ് പീറ്റേഴ്സ് HSS, കുറുമ്പനാടം | 186 |

## (b) കോളേജ് തലം

| *തീയതി* | *കോളേജ്* | *പങ്കെടുത്തവർ* |
|---|---|---|
| ആഗസ്റ്റ് 07 | ക്രിസ്തു ജ്യോതി കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, ചെത്തിപ്പുഴ | 207 |
| ആഗസ്റ്റ് 20 | സെന്റ് മൈക്കിൾസ്, ചേർത്തല | 206 |
| ആഗസ്റ്റ് 27 | B.K. കോളേജ് , അമലഗിരി | 210 |
| ആഗസ്റ്റ് 29 | സെന്റ് ജോസഫ്സ് കോളേജ്, മീഡിയാവില്ലേജ് | 205 |
| സെപ്റ്റം. 06 | അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി | 208 |



മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണം-ക്രിസ്തു ജ്യോതി കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, ചെത്തിപ്പുഴ

**ഓണാഘോഷ പരിപാടികളും AA അംഗങ്ങളെ അനുമോദിക്കലും**

കറ്റാനം ACCEPT-IRCA യുടെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 9 ഉച്ചകഴിഞ്ഞ് 2:30 ന് മേപ്പള്ളിക്കുറ്റി സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ കാമ്പിസിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. വി. വാസുദേവൻ ഉദ്ഘാടനം നിർവ



ഹിച്ചു. അസി. എക്സൈസ് കമ്മീഷണർ ശ്രീ. അനിൽകുമാർ കെ.കെ. മുഖ്യപ്രഭാഷണം നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, നഴ്സിംഗ് സൂപ്രണ്ട് ശ്രീമതി സോമവല്ലിയമ്മ കെ., അടക ശ്രീ. ഉണ്ണികൃഷണൻ നായർ, സീനിയർ കൗൺസിലർ, ശ്രീ. ലിജു തോമസ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ ചികിത്സ കഴിഞ്ഞ് സൗഖ്യജീവിതത്തിലായിരിക്കുന്ന AA അംഗങ്ങളുടെ കൂട്ടായ്മയും അനുമോദിക്കലും നടത്തി.

# അറിയിപ്പുകൾ

## 1. സ്ത്രീശക്തി

സ്ഥിരവരുമാനം സ്ത്രീകൾക്ക് ആത്മവിശ്വാസം പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട ഒരു ഘടകമാണല്ലോ. ഇന്നത്തെ കാലഘട്ടത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സ്ത്രീകളുടെ അന്തസ്സും ആത്മാഭിമാനവും ഉയർത്തുന്നതിൽ വലിയ പങ്കുണ്ട്. ഏറെ സ്ത്രീകൾ ഈ മേഖലയിൽ വിജയം കൊയ്ത് സമൂഹത്തിന് മാതൃകയായിട്ടുമുണ്ട്. വരുമാനദായക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള പരിശീലനങ്ങളും, സാങ്കേതിക-സാമ്പത്തിക പിന്തുണയും ക്രെഡിറ്റ് യൂണിയൻ, SHG തുടങ്ങിയ മൂലധനസമാഹരണ പദ്ധതിയിലൂടെ ചാസ് വനിതകൾക്ക് നൽകിവരുന്നുണ്ട്.

ഇതിന് അനുബന്ധമായി ചാസ് യൂണിറ്റുകളിൽ 'സ്ത്രീശക്തി' വിവിധ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കേവലം ഒരു സ്വയം തൊഴിൽ പരിശീലനം എന്നതിലുപരി പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും മനുഷ്യന്റെ ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് ബദലായ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. സ്ത്രീശക്തി പരിശീലനത്തിൽ അംഗങ്ങളെ പങ്കെടുപ്പിക്കാൻ യൂണിറ്റുകളും സംഘങ്ങളും ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

### പാക്കേജ് 1

**• തയ്യൽ • ഹാന്റ് എംബ്രോയ്ഡറി പരിശീലനം +** ***(ഫ്ളോർമാറ്റ് & ടേബിൾ മാറ്റ് പരിശീലനം സൗജന്യം)***

***ഫീസ് 2000/- രൂപ കാലാവധി മൂന്നുമാസം***

**• കുടനിർമ്മാണം, ബേക്കറി, ആഭരണനിർമ്മാണം, പേപ്പർ ക്യാരി ബാഗ്, തുണിസഞ്ചി, ഫ്ളവർ മേക്കിംഗ്** ***(ഫീസ് 750/ - രൂപ)***

**യൂണിറ്റുകൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ**

- കുറഞ്ഞത് 30 അംഗങ്ങൾ എങ്കിലും പരിശീലനത്തിൽ പങ്കെടുക്കാനുണ്ടാവണം.
- തയ്യൽ പരിശീലനത്തിന് ആവശ്യമായ സ്ഥലസൗകര്യം ക്രമീകരിച്ചു നൽകേണ്ടതാണ്.
- പരിശീലനാർത്ഥികളിൽനിന്നും നിശ്ചിതഫോറത്തിൽ അപേക്ഷ, ഫീസ് എന്നിവ സ്വീകരിച്ച് പരിശീലനം തുടങ്ങുന്നതിന് മുമ്പ് കേന്ദ്ര ഓഫീസിൽ എത്തിക്കണം.

- പരിശീലനത്തിന് ആവശ്യമായ സഹകരണം നൽകണം. *(ഉദാ. ബേക്കറി പരിശീലനത്തിന് ഗ്യാസ് സ്റ്റൗ etc.)*

## പാക്കേജ് 2

**• പേപ്പർ ക്യാരി ബാഗ്, തുണിസഞ്ചി, ഫ്ളവർ മേക്കിംഗ് പരിശീലനം**

❖ യൂണിറ്റുകളിൽ നേരിട്ടുവന്ന് പരിശീലനം നൽകുന്നതായിരിക്കും

❖ പരിശീലന കാലാവധി രണ്ട് ദിവസം (ഫീസ് 250 - രൂപ, ഏതെങ്കിലും ഒരിനംമാത്രം പഠിക്കുന്നതിന് 100/- രൂപ)

**യൂണിറ്റുകൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ**

- കുറഞ്ഞത് 25 അംഗങ്ങൾ എങ്കിലും പരിശീലനത്തിൽ പങ്കെടുക്കണം.
- ഒരു തയ്യൽ മെഷീൻ യൂണിറ്റ് ക്രമീകരിച്ച് നൽകേണ്ടതാണ്.
- തുണിസഞ്ചി നിർമ്മാണത്തിന് ആവശ്യമായ തുണി പരിശീലനാർത്ഥികൾ കൊണ്ടുവരണം.
- ഫ്ളവർ മേക്കിംഗ്, പേപ്പർ ക്യാരി ബാഗ് എന്നിവയ്ക്കുള്ള അസംസ്കൃത വസ്തുക്കൾ ചാസ് ക്രമീകരിക്കും.

## പാക്കേജ് 3

**• കുടനിർമ്മാണം, ആഭരണനിർമ്മാണം, ബേക്കറി, സ്ക്വാഷ്, ജാം-പരിശീലനം**

❖ യൂണിറ്റുകളിൽ നേരിട്ടുവന്ന് പരിശീലനം നൽകുന്നതായിരിക്കും.

❖ പരിശീലന കാലാവധി 4 ദിവസം. (ഫീസ് 750 - രൂപ)

**യൂണിറ്റുകൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ**

- കുറഞ്ഞത് 20 അംഗങ്ങൾ എങ്കിലും പരിശീലനത്തിൽ പങ്കെടുക്കണം.
- പരിശീലനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ചാസിൽ നിന്നും ക്രമീകരിക്കും.

## പാക്കേജ് 4

## ഒരു ഇനത്തിൽ മാത്രം പരിശീലനം

**• കുട നിർമ്മാണം - Rs. 350, • ബേക്കറി പരിശീലനം Rs. 100**

**• ആഭരണനിർമ്മാണം Rs. 150, • പേപ്പർ ക്യാരി ബാഗ് Rs. 100**

**• തുണിസഞ്ചി Rs. 50, • ഫ്ളവർ മേക്കിംഗ് Rs. 150**

## 2. ഭാരത് സർക്കാരിന്റെ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ

എല്ലാ വിഭാഗം ജനങ്ങൾക്കും സഹായകമാകുന്ന ഭാരത സർക്കാരിന്റെ വിവിധ ഇൻഷുറൻസ് പദ്ധതികൾ

1. പ്രതിവർഷം 12 രൂപാ നിരക്കിൽ രണ്ട് ലക്ഷം രൂപയുടെവരെ അപകട ഇൻഷുറൻസ് ലഭിക്കുന്ന പ്രധാനമന്ത്രി സുരക്ഷാ ഭീമായോജന (PMSBY) https://www.jansuraksha.gov.in
2. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർക്ക് പെൻഷൻ ലഭ്യമാക്കുന്ന അടൽ പെൻഷൻ യോജന (APY) https://www.npscra.nsdl.co.in
3. മാസം 27 രൂപ 50 പൈസ നിരക്കിൽ 2 ലക്ഷം രൂപയുടെ ലൈഫ് ഇൻഷുറൻസ് ലഭിക്കുന്ന പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമായോജന (PMJJBY-) https://www.bankofbaroda.in
4. പ്രതിവർഷം അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്ന ആയുഷ്മാൻ ഭാരത്. https://www.pmjay.gov.in

***കുടുതൽ വിവരങ്ങൾ ബന്ധപ്പെട്ട വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.***

## ഒക്ടോബർ-ഡിസംബർ മാസങ്ങളിലെ കേന്ദ്ര-യൂണിറ്റ് പ്രധാന പരിപാടികൾ

| *തീയതി* | *പരിപാടി* | *സ്ഥലം* |
|---|---|---|
| ഒക്ടോബർ 08 | കാരിത്താസ് ഇൻഡ്യ പുനരധിവാസ പദ്ധതി സഹായവിതരണം | ചമ്പക്കുളം |
| ഒക്ടോബർ 15 | CBR ലോൺമേള | സന്ദേശനിലയം ഹാൾ |
| ഡിസംബർ 03 | CBR സംഗമം | |
| ഡിസംബർ 21 | കർഷകസംഗമം | ചാസ് കേന്ദ്ര ഓഫീസ് |

**2. ഔഷധ സസ്യവലയവും, ഗൃഹവൈദ്യവും മേഖലാതല ബോധവത്ക്കരണ പരിപാടികൾ**

| *തീയതി* | *മേഖല* |
|---|---|
| സെപ്റ്റംബർ 28 | നെടുംകുന്നം |
| ഒക്ടോബർ 05 | കുറുമ്പനാടം |
| ഒക്ടോബർ 08 | ചമ്പക്കുളം |
| ഒക്ടോബർ 12 | കോട്ടയം |
| ഒക്ടോബർ 12 | തുരുത്തി |
| ഒക്ടോബർ 15 | പുളിംകുന്ന് |
| ഒക്ടോബർ 19 | ആലപ്പുഴ |
| ഒക്ടോബർ 22 | കുടമാളൂർ |
| ഒക്ടോബർ 25 | അതിരമ്പുഴ |

| | | |
|---|---|---|
| ഒക്ടോബർ | 26 | എടത്വാ |
| ഒക്ടോബർ | 29 | മണിമല |
| ഒക്ടോബർ | 31 | തൃക്കൊടിത്താനം |

**2. സംഘതരംഗം- Men SHG സംഗമം**

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| ഒക്ടോ. 06 | തൃക്കൊടിത്താനം | ഫാത്തിമാപുരം |
| ഒക്ടോ. 20 | ചമ്പക്കുളം, പുളിംകുന്ന് | പള്ളിക്കൂട്ടുമ്മ |
| ഒക്ടോ. 27 | കുടമാളൂർ | കുടമാളൂർ |
| നവം. 03 | നെടുംകുന്നം | മൈലാടി |
| നവം. 10 | കുറുമ്പനാടം | കുറുമ്പനാടം |
| നവം. 17 | മണിമല | മണിമല |

**3. യൂണിറ്റുതല പരിപാടികൾ**

| *തീയതി* | *പരിപാടി* | *യൂണിറ്റ്* |
|---|---|---|
| **ഒക്ടോബർ** | | |
| 02 | ക്രെഡിറ്റ് യൂണിയൻ ഉദ്ഘാടനം | കായൽപ്പുറം |
| 02 | സംഘരൂപീകരണം | വടക്കേഅമിച്ചകരി |
| 03 | ഫ്ളവർ മേക്കിംഗ് പരിശീലനം | പാണ്ടി |
| 05-08 | കാർഷികമേള (നാട്ടറിവ്) | പാറേൽ |
| 05 | ഫ്ളോർമാറ്റ് പരിശീലനം | പൊങ്ങ, നർബോനപുരം |
| 08 | തേനിച്ചവളർത്തൽ പരിശീലനം | കരിമ്പനക്കുളം |
| 08 | വളർത്തുകൂട്ടം-വിതരണം | അതിരമ്പുഴ |
| 10 | പേപ്പർ ക്യാരിബാഗ് നിർമ്മാണ പരിശീലനം | മണിമല ഓൾഡ് |
| 10 | തയ്യൽ പരിശീലനം-സർട്ടിഫിക്കറ്റ് വിതരണം | അതിരമ്പുഴ |
| 10 | തയ്യൽ പരിശീലനം-ഉദ്ഘാടനം | മണ്ണാർകുന്ന് |
| 12 | തയ്യൽ പരിശീലനം-ഉദ്ഘാടനം | അയർക്കുന്നം |
| 12 | ഔഷധസസ്യവലയം-ബോധവത്ക്കരണം | അയർക്കുന്നം |
| 12 | സ്വാശ്രയസംഘസംഗമം | കോട്ടയ്ക്കപ്പുറം |
| 13 | ഔഷധസസ്യവലയം-ബോധവത്ക്കരണം | ഒന്നാംകര |
| 13 | നേത്രചികിത്സാ ക്യാമ്പ് | മനയ്ക്കച്ചിറ |
| 13 | യൂണിറ്റ് വാർഷികം | നാൽപ്പാത്തിമല |
| 15 | ഹരിതഭൂമി യൂണിറ്റുതല ഉദ്ഘാടനം | മങ്കൊമ്പ് |
| 18 | പഴവർഗ്ഗസംസ്ക്കരണ പരിശീലനം | മൈലാടി |
| 18 | സംഘരൂപീകരണം | നസ്രത്ത് |
| 19 | സ്വാശ്രയസംഘസംഗമം | മണ്ണഞ്ചേരി |
| 20 | സ്വാശ്രയസംഘസംഗമം | അറുന്നൂറ്റിൻപാടം |
| 21 | തേനിച്ചവളർത്തൽ പരിശീലനം | വള്ളംചിറ |
| 22 | സ്വാശ്രയസംഘസംഗമം | പടഹാരം, ചമ്പക്കുളം |
| 25 | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം | ചമ്പക്കുളം |
| 25 | ഔഷധസസ്യവലയം-ബോധവത്ക്കരണം | ഏറ്റുമാനൂർ |
| 26 | ഔഷധസസ്യവലയം-ബോധവത്ക്കരണം | കുറുമ്പനാടം |
| 27 | യൂണിറ്റ് രൂപീകരണം | കൂലിപ്പുര |

| | | |
|---|---|---|
| 27 | സ്വാശ്രയസംഘസംഗമം | കൈനകരി |
| **നവംബർ** | | |
| 02 | മാറ്റ് നിർമ്മാണ പരിശീലനം | നർബോനപുരം, പൊങ്ങ |
| 03 | Men SHG സംഗമം | മൈലാടി |
| 04 | സ്വാശ്രയസംഘസംഗമം | പങ്ങട |
| 14 | പേപ്പർ ക്യാരി ബാഗ് പരിശീലനം | തെള്ളകം |
| 08 | സ്വാശ്രയസംഘസംഗമം | പുല്ലങ്ങടി, തെക്കേക്കര |
| 12 | മാറ്റ് നിർമ്മാണ പരിശീലനം | പടഹാരം, ചമ്പക്കുളം |
| 13 | സ്വയംതൊഴിൽ പരിശീലനം | മാമ്മൂട് |
| 14 | സ്വാശ്രയസംഘസംഗമം | ചെറുവാണ്ടൂർ |
| 15 | ഔഷധസസ്യവലയം-ബോധവത്ക്കരണം | ചേന്നങ്കരി |
| 16 | ഔഷധസസ്യവലയം-ബോധവത്ക്കരണം | നെടുമണ്ണി |
| 17 | Men SHG സംഗമം | കുളത്തൂർ |
| 17 | സ്വാശ്രയസംഘസംഗമം | അറുന്നൂറ്റിൻപാടം |
| 18 | സ്വാശ്രയസംഘരൂപീകരണം | കൂലിപ്പുര |
| 18 | ഔഷധസസ്യവലയം-ബോധവത്ക്കരണം | കരിമ്പനക്കുളം |
| 18 | കൂൺകൃഷി പരിശീലനം | പുന്നത്തറ |
| 19 | പേപ്പർ ക്യാരി ബാഗ് നിർമ്മാണം | ഫാത്തിമാപുരം |
| 22 | സ്വാശ്രയസംഘരൂപീകരണം | വൈശ്യംഭാഗം |
| 23 | സ്വാശ്രയസംഘരൂപീകരണം | ഒന്നാംകര |
| 29 | സ്വയംതൊഴിൽ പരിശീലനം | നാലുകോടി |
| **ഡിസംബർ** | | |
| 07 | ഔഷധസസ്യവലയം-ബോധവത്ക്കരണം | നർബോനപുരം |
| 07 | ഔഷധസസ്യവലയം-ബോധവത്ക്കരണം | പെരുംകാവ് |
| 17 | സ്വാശ്രയസംഘസംഗമം | തത്തംപള്ളി |
| 10 | സ്വാശ്രയസംഘസംഗമം | ഏറ്റുമാനൂർ |
| 12 | സ്വാശ്രയസംഘസംഗമം | മണ്ണാർകുന്ന് |
| 12 | സ്വാശ്രയസംഘസംഗമം | ആറുമാനൂർ |
| 13 | ഔഷധസസ്യവലയം-ബോധവത്ക്കരണം | പുല്ലങ്ങടി, തെക്കേക്കര |
| 16 | തേനീച്ചവളർത്തൽ പരിശീലനം | വള്ളംചിറ |
| 17 | കാൻസർ ബോധവത്ക്കരണം | കൊണ്ടാക്കൽ, വടക്കേഅമിച്ചകരി |
| 17 | ഫ്ളവർമേക്കിംഗ് പരിശീലനം | വെട്ടിമുകൾ |
| 20 | സ്വാശ്രയസംഘസംഗമം | തോട്ടുവാത്തല |
| 20 | ആശാകിരണം- കാൻസർ ബോധവത്ക്കരണം | ചമ്പക്കുളം, നസ്രത്ത് |
| 21 | പേപ്പർ ക്യാരി ബാഗ് നിർമ്മാണം | കൈനടി |
| 26 | ഔഷധസസ്യവലയം-ബോധവത്ക്കരണം | കുളത്തൂർ |
| 27 | പേപ്പർ ക്യാരി ബാഗ് നിർമ്മാണം | പായിപ്പാട് |

# കുട്ടനാട് പുനർനിർമ്മാണം

## വാട്ടർ പ്യൂരിഫയർ









## പച്ചക്കറി കൃഷി-അസ്സീസി വിദ്യാലയം പൂന്തോപ്പ്









# കുട്ടനാട് പുനർനിർമ്മാണം

## ഭവന നിർമ്മാണം









## ചെറുകിടസംരംഭങ്ങൾ







